LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് പുറമെ നൂതനമായ ശാസ്ത്രീയ മാർഗ്ഗങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനുള്ള ഏർളി വാർണിംഗ് സംവിധാനം 42 സ്ഥലങ്ങളിൽ നടപ്പിലാക്കാനും വന്യജീവി ആക്രമണം രൂക്ഷമായ 17 സ്ഥലങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനും സ്ഥിരമായി കൃഷി നശിപ്പിക്കുന്ന വന്യജീവികളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിന് 8 റേഡിയോ ടെലിമെട്രി സംവിധാനം വാങ്ങുന്നതിനും 470 കി.മീ. ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ജൈവ വേലികൾ ഉൾപ്പെടെ സൃഷ്ടിച്ചും വനത്തിനുള്ളിൽ ജലവും തീറ്റയും ലഭ്യമാക്കത്തക്ക തരത്തിൽ നടപടികൾ സ്വീകരിച്ചും ഇവ വനത്തിൽ നിന്നും നാട്ടിൻ പ്രദേശങ്ങളിൽ കയറുന്നത് തടയാൻ കൂടുതൽ നടപടികൾ ഉണ്ടാകുമോ; വിവരം ലഭ്യമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ ഒരു കർമ്മപദ്ധതി സർക്കാർ പരിശോധിച്ചുവരുകയാണ്. അടുത്ത 5 വർഷത്തേയ്ക്ക് സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ 17.5 കി.മീ. നീളത്തിൽ ജൈവവേലികൾ നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ് (ചക്ക), മാവ് (മാങ്ങ) മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ഉൾവന ഭാഗങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് കൃഷി ഇടങ്ങളിലേയ്ക്ക് കടന്നുകയറുന്ന ചില വന്യമൃഗങ്ങളെ തടയുവാൻ സഹായിക്കുമെന്നതിനാൽ 5000 ഹെക്ടർ സ്ഥലത്ത് ഇത്തരം സംപുഷ്ടീകരണം നടത്തുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന പദ്ധതികൾ

1 (746) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ച് വരുന്നത്. ആദിവാസി പുനരധിവാസ പദ്ധതിയിലൂടെയും ഭവന രഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് അനുവദിക്കുന്നുണ്ട്.

(ബി) നിർമ്മാണം മുടങ്ങിക്കിടന്നതോ താമസയോഗ്യമോ അല്ലാതിരുന്ന എത്ര എസ്.സി./എസ്.ടി. ഭവനങ്ങളാണ് ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇതുവരെ പൂർത്തീകരിച്ചത്; പൂർത്തീകരിക്കാനാവാതെ ഉപേക്ഷിക്കപ്പെട്ട വീടുകൾ ഈ വിഭാഗത്തിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച് പൂർത്തീകരിക്കാതെ അവശേഷിച്ച 3893 വീടുകളെ ഉൾപ്പെടുത്തുകയും അതിൽ 3844 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 49 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച് പൂർത്തീകരിക്കാതെ അവശേഷിച്ച 11377 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാനാകാതെ ഉപേക്ഷിക്കപ്പെട്ട വീടുകളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ലൈഫിന്റെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് തെരഞ്ഞെടുത്തത്; എത്ര എണ്ണം ഇതിനകം പൂർത്തീകരിച്ചു; എത്ര എണ്ണം പൂർത്തിയായി വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിന് അർഹരായ 12985 പേരിൽ 12147 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 9931 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അർഹരാണെന്ന് കണ്ടെത്തിയ 3556 ഗുണഭോക്താക്കളിൽ 3380 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 2748 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കൂടാതെ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോചീയമായ വീടുകളിൽ താമസിക്കുന്നതുമായ പട്ടികവർഗ്ഗക്കാരിൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12931 പേരിൽ 10916 പേരെ ലൈഫ് മിഷൻ അംഗീകരിക്കുകയും ഇതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) സ്ഥലവും വീടുമില്ലാത്ത എത്ര പേർക്കാണ് മൂന്നാം ഘട്ടത്തിൽ ഭവനസമുച്ചയങ്ങൾ അനുവദിച്ചത്; എത്ര എണ്ണം പൂർത്തിയായി വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയവരിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 7241 ഗുണഭോക്താക്കളിൽ 5117 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 1934 പേർ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയവരിൽ 487 പേർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും അതിൽ 265 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) ലൈഫ് പദ്ധതിക്ക് മുമ്പ് കഴിഞ്ഞ സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ എസ്.സി. വകുപ്പ് നേരിട്ട് എത്ര വീടുകളാണ് അനുവദിച്ചത്; അവയിൽ എത്ര എണ്ണം പൂർത്തീകരിച്ചു; നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; അവയെ ലൈഫിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) മുൻസർക്കാരിന്റെ കാലം മുതൽ ഇതുവരെ വിവിധ പദ്ധതികളിലായി എത്ര എസ്.സി. കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകാൻ കഴിഞ്ഞു; പദ്ധതിയും പൂർത്തീകരിച്ച വീടുകളുടെ എണ്ണവും ജില്ല തിരിച്ച നൽകുമോ?

(ഇ & എഫ്) ലൈഫ് പദ്ധതിക്ക് മുൻപായി ഏതൊക്കെ വർഷങ്ങളിലെ കണക്കുകളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമല്ല. പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ 3621 വീടുകൾ പൂർത്തീകരിക്കുവാനുണ്ട്. ലൈഫ് പദ്ധതി പ്രകാരം വീടനുവദിച്ച ഭൂമിയുള്ളവരുടെ എണ്ണം (ലൈഫ് മിഷൻ ഫെയ്സ് II)-12147 ലൈഫ് പദ്ധതി പ്രകാരം വീടനുവദിച്ച ഭൂരഹിത ഭവനരഹിതരുടെ എണ്ണം (ലൈഫ് മിഷൻ ഫെയ്സ് III)-5117, പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഫെയ്സ് -II) - 9931, പൂർത്തീകരിച്ച വീടുകളുടെ എണ്ണം (ഫെയ്സ് -III)-1934. ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.